## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3092 — 15-12-2015-ൽ മറുപടിക്ക്

### ഹൈപ്പർ മാർക്കറ്റുകൾ

ചോദ്യം — ഉത്തരം

ശ്രീ.ഡൊമനിക് പ്രസന്റേഷൻ
ശ്രീ. കെ.അച്ചുതൻ
ശ്രീ. കെ.മുരളീധരൻ
ശ്രീ. വി.ഡി.സതീശൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും | മികച്ച സേവനങ്ങളും ആധുനിക സൗകര്യങ്ങളും എല്ലാത്തരം ഉപഭോക്താക്കൾക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സപ്ലൈകോയുടെ സ്വന്തമായുള്ള സ്ഥലത്ത് ഹൈപ്പർ മാർക്കറ്റുകൾ നടത്തിവരുന്നു. ആധുനിക സൗകര്യങ്ങളോട് കൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളി എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തിരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും ഇത്തരം ഹൈപ്പർമാർക്കറ്റുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ മറ്റ് പ്രാദേശിക ഉപഭോക്തൃ താത്പ്പര്യ ഉത്പന്നങ്ങളും, സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ ഒരു കുടുംബത്തിന് ആവശ്യമായ പരമാവധി എല്ലാ സാധനങ്ങളും, പൊതുജനങ്ങൾ ആഗ്രഹിക്കുന്ന വിവിധ ബ്രാന്റുകളിലുള്ള മറ്റ് എല്ലാ ഉത്പ്പന്നങ്ങളും വളരെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ചൂഷണം ഒഴിവാക്കി ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുക വഴി മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കുന്നതിനും അതോടൊപ്പം തന്നെ ഷോപ്പിംഗ് ഒരു അനുഭവമാക്കാനും സാധിക്കുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | തലശ്ശേരി, കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ ഹൈപ്പർമാർക്കറ്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അതുടനെ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പിറവം ഹൈപ്പർമാർക്കറ്റ് കം സബർബൻ മാളിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ഹൈപ്പർമാർക്കറ്റിനുള്ള പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ